ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 12.06.2024

## പ്രധാന വാർത്തകൾ

TIME : 07.25 PM

1. ജി 7 ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനായി പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ ഇറ്റലിയിലേക്ക്.

   **Prime Minister Narendra Modi will leave for Italy tomorrow to attend the G7 Summit.**

2. ആന്ധ്രാപ്രദേശ് മുഖ്യമന്ത്രിയായി എൻ. ചന്ദ്രബാബു നായിഡുവും ഒഡീഷ മുഖ്യമന്ത്രിയായി മോഹൻ ചരൺ മാഝിയും സത്യപ്രതിജ്ഞ ചെയ്തു.

   **N. Chandrababu Naidu took oath as Andhra Pradesh Chief Minister and Mohan Charan Majhi took oath as Chief Minister of Odisha.**

3. കുവൈറ്റിൽ ഫ്ലാറ്റ് സമുച്ചയത്തിന് തീ പിടിച്ച് മലയാളികൾ ഉൾപ്പെടെ 40-ലേറെ പേർ മരിച്ചു ; ദുരന്തത്തിൽ അനുശോചിച്ച് പ്രധാനമന്ത്രിയുൾപ്പെടെയുള്ള പ്രമുഖർ ; സഹായം ഉറപ്പാക്കാൻ വിദേശകാര്യ സഹമന്ത്രി കുവൈറ്റിലേക്ക്.

   **More than 40 people, including Keralites, died in a fire in a flat complex in Kuwait; Eminent people including the Prime Minister condoled the tragedy. Minister of State for External Affairs left for Kuwait to help Indians there.**

4. നിയമസഭാ സമ്മേളനം താത്കാലികമായി പിരിഞ്ഞു ; ലോകകേരള സഭയുടെ നാലാം പതിപ്പിന് നാളെ തിരുവനന്തപുരത്ത് തുടക്കം.

   **Legislative session adjourned Temporarily In Kerala; The fourth edition of the Lok Kerala Sabha will begin tomorrow in Thiruvananthapuram**

5. ട്വന്റി - 20 ലോകകപ്പ് ക്രിക്കറ്റിൽ, ഇന്ത്യ ഇന്ന് അമേരിക്കയെ നേരിടും.

In Twenty20 World Cup cricket, India will face USA today.

********************************************

## HEADLINE-1

## PM-ITALY VISIT

ജി 7 ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനായി പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ ഇറ്റലിയിലേക്ക് യാത്ര തിരിക്കും. തുടർച്ചായി മൂന്നാം തവണയും പ്രധാനമന്ത്രി സ്ഥാനത്തെത്തിയ ശേഷമുള്ള ശ്രീ നരേന്ദ്രമോദിയുടെ ആദ്യ വിദേശയാത്രയാണിത്. ഉച്ചകോടിയിൽ സംബന്ധിക്കുന്ന രാജ്യങ്ങളിലെ നേതാക്കളുമായി ഇന്ത്യൻ പ്രധാനമന്ത്രി ആശയവിനിമയം നടത്തും. ഇറ്റാലിയൻ പ്രധാനമന്ത്രി ജോർജിയ മെലോണിയുമായി ശ്രീ നരേന്ദ്രമോദി കൂടിക്കാഴ്ച നടത്തും. ജി 7 രാജ്യങ്ങളിൽ ഉൾപ്പെടുന്നില്ലെങ്കിലും ക്ഷണപ്രകാരമാണ് ഇന്ത്യ ഉച്ചകോടിയിൽ സംബന്ധിക്കുന്നത്. ഈ മാസം സ്വിട്സർലാൻഡിൽ നടക്കുന്ന യുക്രൈൻ സമാധാന ഉച്ചകോടിയിലും ഇന്ത്യ സംബന്ധിക്കുമെന്ന് വിദേശകാര്യ സെക്രട്ടറി വിനയ് ക്വത്ര അറിയിച്ചു.

**********************************

## PARLIAMENT SESSION

18-ാമത് ലോക്സഭയുടെ ആദ്യ സമ്മേളനം ഈ മാസം 24 ന് ആരംഭിക്കും. പുതുതായി തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ സത്യപ്രതിജ്ഞ, സ്പീക്കർ തിരഞ്ഞെടുപ്പ്, രാഷ്ട്രപതിയുടെ അഭിസംബോധന എന്നിവ സമ്മേളന കാലയളവിൽ നടക്കും. അടുത്ത മാസം 3 വരെയാണ് സമ്മേളനം. രാജ്യസഭയുടെ 264-ാമത് സമ്മേളനവും ഈ മാസം 27 മുതൽ ജൂലൈ 3 വരെ ചേരും. രാജ്യത്തെ സേവിക്കുക എന്നതാണ് സർക്കാരിന്റെ

കടമയെന്നും, 140 കോടി ഇന്ത്യക്കാരുടെ അഭിലാഷങ്ങൾ നിറവേറ്റുന്നതിനുള്ള മികച്ച വേദിയാണ് പാർലമെൻറെന്നും കേന്ദ്ര പാർലമെൻ്ററി കാര്യ മന്ത്രി കിരൺ റിജിജു പറഞ്ഞു.

************************************

## HEADLINE-2

## CM-SWORN-IN

ആന്ധ്രാപ്രദേശ് മുഖ്യമന്ത്രിയായി തെലുഗുദേശം പാർട്ടി അധ്യക്ഷൻ എൻ. ചന്ദ്രബാബു നായിഡു സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. കൃഷ്ണ ജില്ലയിലെ കേസരപള്ളി ഐടി പാർക്കിൽ നടന്ന ചടങ്ങിൽ ഗവർണർ എസ് അബ്ദുൾ നസീർ സത്യവാചകം ചൊല്ലിക്കൊടുത്തു. 24 മന്ത്രിമാരും മുഖ്യമന്ത്രിയ്ക്കൊപ്പം സത്യപ്രതിജ്ഞ ചെയ്തു. ജന സേനയിൽ നിന്ന് മൂന്ന് പേരും, ബിജെപിയിൽ നിന്ന് ഒരു മന്ത്രിയുമാണ് പുതിയ മന്ത്രിസഭയിലുള്ളത്. ജനസേനാ പാർട്ടി അധ്യക്ഷൻ പവൻ കല്യാൺ, ടിഡിപി ജനറൽ സെക്രട്ടറി നാരാ ലോകേഷ്, മുതിർന്ന ബിജെപി നേതാവ് സത്യകുമാർ യാദവ് എന്നിവർ സത്യപ്രതിജ്ഞ ചെയ്ത മന്ത്രിമാരിൽ ഉൾപ്പെടുന്നു. പ്രധാനമന്ത്രി നരേന്ദ്ര മോദി ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുത്തു. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ, മന്ത്രിമാരായ ജെ പി നഡ്ഡ, നിതിൻ ഗഡ്കരി, കിഷൻ റെഡ്ഡി, തുടങ്ങിയ പ്രമുഖരും ചടങ്ങിൽ പങ്കെടുത്തിരുന്നു.

************************************

## HEADLINE-2A

## ODISHA-NEW CM

ഒഡീഷാ മുഖ്യമന്ത്രിയായി മുതിർന്ന ബിജെപി നേതാവ് മോഹൻ ചരൺ മാഝി സത്യപ്രതിജ്ഞ ചെയ്തു. ഭുവനേശ്വറിലെ ജനതാ മൈതാനിൽ നടന്ന ചടങ്ങിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ഉൾപ്പെടെയുള്ള മുതിർന്ന നേതാക്കൾ പങ്കെടുത്തു.

ഉപമുഖ്യമന്ത്രിമാരായ കനക് വർധൻ സിംഗ് ദേവിനും, പ്രവതി പരിദയ്ക്കുമൊപ്പം, മറ്റ് മന്ത്രിമാരും ഇന്ന് സത്യപ്രതിജ്ഞ ചെയ്തു. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ, മന്ത്രിമാരായ ജുവൽ ഓറാം, അശ്വിനി വൈഷ്ണവ് തുടങ്ങിയവരും ചടങ്ങിൽ പങ്കെടുത്തു.
***********************************

## HEADLINE-3
## KUWAIT FIRE MISHAP

കുവൈത്തിൽ ഉണ്ടായ വൻ തീപിടുത്തത്തിൽ 40 ലധികം പേർക്ക് ജീവഹാനി. ഫ്ലാറ്റ് സമുച്ചയത്തിന് തീപിടിച്ച് 50 ലധികം പേർക്ക് പരിക്കേൽക്കുകയും ചെയ്തു. ദുരന്തത്തിൽ മലയാളികളും ഉൾപ്പെട്ടതായാണ് വിവരം. കുവൈറ്റിലെ ഇന്ത്യൻ അംബാസഡർ സ്ഥലത്തെത്തിയിട്ടുണ്ട്. സംഭവുമായി ബന്ധപ്പെട്ട് അടിയന്തിര സഹായത്തിന് 965 - 65 50 52 46 എന്ന എംബസിയുടെ ഹെൽപ്പ് ലൈൻ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്. നമ്പർ ഒരിക്കൽ കൂടി 965-65 50 52 46. ദുരന്തത്തിലുൾപ്പെട്ട ഇന്ത്യൻ പൗരന്മാർക്ക് പിന്തുണ ഉറപ്പാക്കുന്നതിനായി കേന്ദ്ര വിദേശകാര്യ സഹമന്ത്രി കീർത്തി വർധൻ സിംഗ് കുവൈത്തിലേക്ക് പുറപ്പെട്ടു.
***********************************

## HEADLINE-3A
## KUWAIT FIRE CONDOLENCE

കുവൈത്തിലെ ദുരന്തത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി, വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കർ, മുഖ്യമന്ത്രി പിണറായി വിജയൻ തുടങ്ങിയവർ അനുശോചനം രേഖപ്പെടുത്തി. ദുരന്തത്തിൽ മരിച്ചവരുടെ കുടുംബങ്ങൾക്കൊപ്പം നിലകൊള്ളുന്നതായി പറഞ്ഞ പ്രധാനമന്ത്രി പരിക്കേറ്റവർ എത്രയും വേഗം സുഖം പ്രാപിക്കാൻ പ്രാർത്ഥിക്കുന്നതായും അനുശോചന സന്ദേശത്തിൽ പറഞ്ഞു. ദുരന്തബാധിതരെ

സഹായിക്കാൻ ഇന്ത്യൻ എംബസി കുവൈറ്റ് ഭരണകൂടവുമായി ചേർന്ന് പ്രവർത്തിക്കുകയാണെന്നും പ്രധാനമന്ത്രി അറിയിച്ചു. അപകടത്തിൽപ്പെട്ടവരുടെ കുടുംബങ്ങളെ അനുശോചനം അറിയിക്കുന്നതായും എല്ലാവർക്കും ഇന്ത്യൻ എംബസി പൂർണ സഹായം നൽകുമെന്നും വിദേശകാര്യ മന്ത്രി അറിയിച്ചു. തീപിടുത്തത്തിന്റെ വാർത്ത അതീവ ദുഃഖകരമാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. സംഭവത്തിൽ അടിയന്തിര ഇടപെടൽ ആവശ്യപ്പെട്ട് മുഖ്യമന്ത്രി വിദേശകാര്യ മന്ത്രിയ്ക്ക് കത്തയച്ചു.

***********************************

## HEADLINE-4

## ASSEMBLY GENERAL

പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനം ഇന്ന് താത്ക്കാലികമായി പിരിഞ്ഞു. നാളെ മുതൽ ഈ മാസം 18 വരെ സഭ ചേരുന്നതല്ല. ലോകകേരളസഭ, ബക്രീദ് എന്നിവയ്ക്ക് ശേഷം 19 ന് സഭ പുനരാരംഭിക്കും.

***********************************

## NIYAMASABHA - PERIYAR

പെരിയാറിൽ മത്സ്യങ്ങൾ ചത്തുപൊങ്ങിയതിന്റെ യഥാർത്ഥ കാരണം കണ്ടെത്തി ശാശ്വതമായ നടപടി സ്വീകരിക്കുമെന്ന് മന്ത്രി സജി ചെറിയാൻ. നിയമസഭയിൽ ചോദ്യോത്തര വേളയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. മത്സ്യങ്ങൾ ചത്തുപൊങ്ങിയതിന്റെ കാരണം രാസമാലിന്യമാണ് എന്ന് ഇപ്പോൾ പറയാൻ ആകില്ലെന്നും അദ്ദേഹം പറഞ്ഞു. സംഭവത്തിൽ ആകെ 1,355 ലക്ഷം രൂപയുടെ നഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്. ന്യായമായ നഷ്ടപരിഹാരം ബന്ധപ്പെട്ടവർക്ക് നൽകുമെന്നും അദ്ദേഹം സഭയെ അറിയിച്ചു.

***********************************

## LOKAKERALA SABHA

ലോകകേരള സഭയുടെ നാലാം പതിപ്പ് നാളെ ആരംഭിക്കും. വൈകുന്നേരം തിരുവനന്തപുരം നിശാഗന്ധി ഓഡിറ്റോറിയത്തിൽ നടക്കുന്ന പൊതുയോഗത്തോടെയാണ് പരിപാടികൾക്ക് തുടക്കമാവുക. ശനിയാഴ്ച വരെ നടക്കുന്ന പരിപാടിയിൽ 103 രാജ്യങ്ങളിൽ നിന്നും 25 സംസ്ഥാനങ്ങളിൽ നിന്നുമുളള കേരളീയ പ്രവാസി പ്രതിനിധികൾ പങ്കെടുക്കും.

***********************************

## NHRC - WIDOWS WELFARE

വിധവകളുടെ ക്ഷേമവും, മാനുഷിക അവകാശങ്ങൾ സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര - സംസ്ഥാന സർക്കാരുകൾക്കും കേന്ദ്ര ഭരണ പ്രദേശങ്ങൾക്കും ദേശീയ മനുഷ്യാവകാശ കമ്മീഷൻ മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചു. വിധവകൾക്കുള്ള ക്ഷേമപദ്ധതികളുടെ ആനുകൂല്യങ്ങൾ ഏകജാലക സംവിധാനത്തിലൂടെ വിതരണം ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കാൻ കമ്മീഷൻ നിർദ്ദേശിച്ചു. വിധവകൾക്കുള്ള ഷെൽട്ടർ ഹോമുകളുടെ വികസനവും പരിപാലനവും, ചൂഷണത്തിൽ നിന്നുള്ള സംരക്ഷണം, നൈപുണ്യ വികസനം, സാമ്പത്തിക സ്വാതന്ത്ര്യം, ആരോഗ്യ സംരക്ഷണ ലഭ്യത എന്നിവ ഉൾപ്പെടുന്ന പത്ത് പ്രധാന മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ മാർഗ നിർദേശത്തിൽ പറയുന്നു.

***********************************

## DELHI WATER CRISIS - SC

രാജ്യതലസ്ഥാനത്ത് ജല ദുരുപയോഗവും ടാങ്കർ മാഫിയയും വ്യാപകമാകുന്നതിനെതിരെ ആം ആദ്മി പാർട്ടി നേതൃത്വത്തിലുള്ള ഡൽഹി സർക്കാരിനെ വിമർശിച്ച് സുപ്രീം കോടതി. ജലക്ഷാമം പരിഹരിക്കുന്നതിന് ഹിമാചൽ പ്രദേശിൽ നിന്ന് മിച്ചജലം വിട്ടുനൽകണമെന്ന ഡൽഹി സർക്കാരിൻ്റെ

ഹർജി പരിഗണിക്കുകയിരുന്നു സുപ്രീംകോടതി. ജലദൗർലഭ്യം തടയാൻ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കാൻ ഡൽഹി സർക്കാരിനോട് പരമോന്നതകോടതി ആവശ്യപ്പെട്ടു. വിഷയം നാളെ വീണ്ടും പരിഗണിക്കും. അതേസമയം, ഡൽഹിയിൽ, ജലക്ഷാമവുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിനും വാട്ടർ ടാങ്കറുകളുടെ സേവനം ഉറപ്പാക്കുന്നതിനും ഓരോ മേഖലയിലും അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ്, സബ് ഡിവിഷണൽ മജിസ്ട്രേറ്റ് തല ഉദ്യോഗസ്ഥരെ വിന്യസിക്കാൻ ഡൽഹി സർക്കാർ തീരുമാനിച്ചു. പ്രധാന ജലവിതരണ പൈപ്പ്‌ലൈനുകളിൽ ചോർച്ചയില്ലെന്ന് ഉറപ്പുവരുത്താൻ സംഘം പരിശോധന നടത്തണമെന്നും ചോർച്ചയുണ്ടെങ്കിൽ 12 മണിക്കൂറിനുള്ളിൽ പരിഹരിക്കണമെന്നും ജലവകുപ്പ് മന്ത്രി അതിഷി ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.

***********************************

## WORLD BANK GDP (INTRO)

ലോകത്ത് അതിവേഗം വളരുന്ന സമ്പദ് വ്യവസ്ഥയായി ഇന്ത്യ നിലനിൽക്കുമെന്ന് ലോകബാങ്ക് റിപ്പോർട്ട്.

**വിശദാംശങ്ങളിലേക്ക്.....**

(വോയിസ്)

*അടുത്ത മൂന്ന് സാമ്പത്തിക വർഷം 6.7 ശതമാനം വളർച്ചാ നിരക്കുമായി സ്ഥിരതയാർന്ന വളർച്ച ഇന്ത്യയ്ക്കുണ്ടാകുമെന്ന് ലോക ബാങ്ക് റിപ്പോർട്ടിൽ പറയുന്നു. ആഭ്യന്തര ആവശ്യകത ശക്തമായതും നിക്ഷേപത്തിലെ വളർച്ചയും സേവന മേഖലയിലെ ഊർജ്ജസ്വലമായ പ്രവർത്തനങ്ങളും കരുത്തുറ്റ വളർച്ചയ്ക്ക് കാരണമാകും. 2024-25 സാമ്പത്തിക വർഷത്തിലെ രാജ്യത്തിൻറെ വളർച്ചാ നിരക്ക് 6.6 ശതമാനമായിരിക്കുമെന്നാണ് ലോകബാങ്ക് പ്രവചനം. ആഗോള*

*സാമ്പത്തിക വീക്ഷണ റിപ്പോർട്ടിലാണ് ഈ വിവരമുള്ളത്. അതേസമയം ഇന്ത്യയുടെ വളർച്ചാനിരക്ക് 2024-25 വർഷത്തിൽ 6.5 ശതമാനത്തിൽ നിന്ന് 6.8 ശതമാനമായി വർധിക്കുമെന്നാണ് അന്താരാഷ്ട്ര നാണ്യനിധി നേരത്തെ പ്രവചിച്ചിട്ടുള്ളത്. ആഭ്യന്തര ആവശ്യകതയുടെ വർധനവും തൊഴിലെടുക്കാൻ പ്രാപ്തിയുള്ള പ്രായത്തിലുള്ളവർ ഏറുന്നതും കണക്കിലെടുത്താണ് ഈ പ്രവചനം.*

***ന്യൂസ് ഡെസ്ക് ആകാശവാണി....***

*************************************

## HEADLINE-5

## T-20 WORLD CUP

ട്വന്റി - 20 ലോകകപ്പ് ക്രിക്കറ്റിൽ, ഇന്ത്യ ഇന്ന് അമേരിക്കയെ നേരിടും. നാസോ കൗണ്ടി ഇൻറർനാഷണൽ ക്രിക്കറ്റ് സ്റ്റേഡിയത്തിൽ രാത്രി 8 മണിക്കാണ് മത്സരം. ഗ്രൂപ്പ് എ യിൽ ഇന്ത്യ ഒന്നാമതും യുഎസ്എ രണ്ടാം സ്ഥാനത്തുമാണ്. അതേസമയം, ഫ്ലോറിഡയിൽ ഇന്ന് നടക്കാനിരുന്ന ശ്രീലങ്ക നേപ്പാൾ മത്സരം മഴമൂലം ഉപേക്ഷിച്ചു. രാവിലെ നടന്ന മറ്റൊരു മത്സരത്തിൽ, ഓസ്ട്രേലിയ നമീബിയയെ, 9 വിക്കറ്റിന് പരാജയപ്പെടുത്തി.

*************************************

## REV. NEET-FAQ

NEET -UG ഫലപ്രഖ്യാപനത്തിന് പിന്നാലെ, പതിവായി ഉണ്ടാകുന്ന സംശയങ്ങളും അതിനുള്ള മറുപടികളും പുറത്തിറക്കി നാഷണൽ ടെസ്റ്റിംഗ് ഏജൻസി. ഈ മാസം നാലിന് പ്രഖ്യാപിച്ച നീറ്റ് പരീക്ഷാഫലത്തിൽ അപാകതയുണ്ടെന്ന ആരോപണത്തിൻറെ പശ്ചാത്തലത്തിലാണ് സംശയങ്ങൾക്കുള്ള മറുപടി

പുറത്തിറക്കിയത്. സമയനഷ്ടത്തിന് വിദ്യാർത്ഥികൾക്ക് അധിക മാർക്ക് നൽകുന്നതിൽ പരാതി പരിഹാര സമിതിയുടെ പങ്കുമായി ബന്ധപ്പെട്ട പരാതികൾ, വസ്തുതകളുടെ അടിസ്ഥാനത്തിൽ തീർപ്പാക്കാൻ സമിതി രൂപീകരിച്ചതായി എൻടിഎ അറിയിച്ചു. നീറ്റ്-യുജി പരീക്ഷയിൽ ആയിരത്തി അഞ്ഞൂറിലധികം വിദ്യാർത്ഥികൾക്ക് ലഭിച്ച ഗ്രേസ് മാർക്ക് അവലോകനം ചെയ്യാൻ കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം നാലംഗ സമിതിക്ക് രൂപം നൽകിയിരുന്നു.

*

*****************

****************************************************